# ബെൻസിക്ക് ലഭിക്കുന്നത് മികച്ച ചികിത്സ

എച്ച്ഐവി അണുബാധിതയായ കൊല്ലം സ്വദേശിനി ബെൻസിക്ക് നൽകുന്നത് മികച്ച ചികിത്സയാണെന്ന് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി പത്രസമ്മേളനത്തിൽ അറിയിച്ചു. നില ഗുരുതരമായതിനെ തുടർന്ന് ഓഗസ്റ്റ് മൂന്നിനാണ് ബെൻസിയെ എസ്.എ.ടി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

വളരെ ശ്രദ്ധയോടും കാര്യക്ഷമതയോടെയുമുള്ള പരിശോധനയുടെയും ചികിത്സയുടെയും ഫലമായാണ് ബെൻസി ദ്രവരൂപത്തിലുള്ള ഭക്ഷണം കഴിച്ചു തുടങ്ങിയിട്ടുണ്ട്. ആശുപത്രിയിൽ പ്രവേശിപ്പിച്ചപ്പോൾ ട്യൂബിൽ കൂടിയാണ് ഭക്ഷണം നൽകി വന്നിരുന്നത്. ബെൻസിയുടെ മാനസിക നിലയിലും പുരോഗതി ഉണ്ടായി.

2000 സെപ്റ്റംബറിലാണ് ബെൻസിക്ക് എച്ച്ഐവി അണുബാധ കണ്ടെത്തിയത്. 2003 ഒക്ടോബർ 27നാണ് ബെൻസിക്ക് ഒന്നാംഘട്ട എ.ആർ.ടി ചികിത്സ ആരംഭിക്കുന്നത്. നാലര വർഷങ്ങൾക്കു ശേഷം 2008 മാർച്ചിൽ ബെൻസിയുടെ സിഡി 4 കോശങ്ങളുടെ എണ്ണം 79 ആയി കുറഞ്ഞു. ഇത് പ്രതിരോധ വ്യവസ്ഥയുടെ തകർച്ചയെയാണ് സൂചിപ്പിക്കുന്നത്. (Immunological Failure) നിരവധി അവസരജന്യ രോഗങ്ങൾ ബെൻസിയെ പിടികൂടി തുടങ്ങിയിരുന്നു. ഇത് ആദ്യം നൽകിയ മരുന്നുകളോട് ശരീരം ക്രമേണ പ്രതികരിക്കാതായതിന്റെ സൂചനയാണ്. (Clinical Failure) ബെൻസിയുടെ രക്തം പരിശോധിച്ചപ്പോൾ ഒരു മില്ലി ലിറ്റർ രക്തത്തിൽ എച്ച്ഐവി അണുക്കളുടെ അളവ് 6.31 ലക്ഷം ആയിരുന്നു (Virological failure). കേരളത്തിൽ ഇതു പരിശോധിക്കാനുള്ള സംവിധാനമില്ലാത്തതിനാൽ ചെന്നൈയിലാണ് പരിശോധന നടന്നത്. ഇതിനു പുറമേ ബെൻസിയുടെ ശരീരഭാരം 16 കിലോയായി കുറയുകയും ചെയ്തു.

ഇത് ഒന്നാംഘട്ട എആർടി ചികിത്സയോട് ശരീരം കാലക്രമേണ പ്രതികരിക്കാത്തതിന്റെ സൂചനയായതിനാലാണ് വിദഗ്ധരുടെ നിർദേശ പ്രകാരം 2008 മാർച്ച് മൂന്നാം തീയതി രണ്ടാംഘട്ട എ.ആർ.ടി ആരംഭിച്ചത്. ബെൻസിക്കുള്ള രണ്ടാംഘട്ട എ.ആർ.ടി മരുന്നുകളും കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ ശ്രമഫലമായാണ് സൗജന്യമായി ലഭ്യമാക്കിയത്.

തിരുവനന്തപുരം മെഡിക്കൽകോളജ് ആശുപത്രിയിലെ പകർച്ചവ്യാധിരോഗ വിഭാഗം മേധാവി ഡോ. രാജശേഖരൻ, ശ്രീചിത്തിര തിരുനാൾ ഇൻസിസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിലെ ന്യൂറോളജി വിഭാഗത്തിലെ ഡോ. ശാരദ, എസ്.എ.ടി ആശുപത്രിയിലെ ശിശുരോഗ വിഭാഗം മേധാവി ഡോ. ലളിത കൈലാസ്, എസ്.എ.ടി ആശുപത്രിയിലെ പീഡിയാട്രിക് ന്യൂറോളജി വിഭാഗം മേധാവി ഡോ. മുഹമ്മദ്കുഞ്ഞ്, മെഡിക്കൽ കോളജ് ആശുപത്രിയിലെ സൈക്യാട്രി വിഭാഗം മേധാവി ഡോ. ശുഭ, തിരുവനന്തപുരം മെഡിക്കൽ കോളജിലെ മെഡിസിൻ വിഭാഗം മേധാവിയും എ.ആർ.ടി നോഡൽ ഓഫീസറുമായ ഡോ. ബി. ജയകുമാർ എന്നിവരുടെ നേതൃത്വത്തിലാണ് ബെൻസിയുടെ ചികിത്സ. എസ്.എ.ടി ആശുപത്രിയിൽ നിന്നും ദിനംപ്രതി ചികിത്സ സംബന്ധിച്ച റിപ്പോർട്ട് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിക്ക് ലഭിച്ചിരുന്നു.

എച്ച്ഐവി അണുബാധിച്ചവർക്കോ കുടുംബങ്ങൾക്കോ സാമ്പത്തിക സഹായം നൽകാൻ ദേശീയ എയ്ഡ്സ് നിയന്ത്രണ ഓർഗനൈസേഷന്റെ (നാകോ) നയം അനുവദിക്കുന്നില്ല. ആയതിനാലാണ് 2002ൽ അന്നത്തെ കേന്ദ്രമന്ത്രി സുഷമാ സ്വരാജ് സംസ്ഥാനത്ത് എത്തി ബെൻസിയെ നേരിൽ കണ്ടതിനു ശേഷവും സാമ്പത്തിക സഹായത്തിനു ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡിനെ ചുമതലയേൽപ്പിച്ചത്.

എച്ച്എൽഎൽ ലൈഫ് കെയർ ലിമിറ്റഡ്, ജില്ലാ ഭരണകൂടം തുടങ്ങിയ സർക്കാർ, സർക്കാരേതര സംഘടനകൾ ബെൻസിയുടെ വിഷയത്തിൽ ഇടപെടുന്നതും സാമ്പത്തിക സഹായം ചെയ്യുന്നതും കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ കൂടി ശ്രമഫലമായാണ്.

## കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ പ്രധാന പ്രവർത്തന മേഖലകൾ

ആയിരക്കണക്കിന് എച്ച്ഐവി അണുബാധിതർക്ക് ഔഷധം, ചികിത്സ, കൗൺസലിംഗ്, പ്രത്യാശ കേന്ദ്രങ്ങളിലൂടെയുള്ള പരിരക്ഷ, പുനരധിവാസവും പരിശീലനവും, നിയമ സഹായം, സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള മറ്റു പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുന്നതിനുള്ള സാഹചര്യം ഒരുക്കൽ എന്നിവയ്ക്കു പുറമേ നൂറോളം എച്ച്ഐവി അണുബാധിതർക്ക് വിവിധ പദ്ധതികളിലായി തൊഴിലും നൽകി വരുന്നു.

എച്ച്ഐവി അണുബാധിതരാകാൻ കൂടുതൽ സാധ്യതയുള്ള പ്രത്യേക ജനവിഭാഗങ്ങളെ കണ്ടെത്തി അവർക്ക് ബോധവത്കരണം, അവരുടെ ഇടയിൽ എച്ച്ഐവി വ്യാപനം തടയാനുള്ള സേവനങ്ങൾ നൽകൽ, അവരിൽ നിന്നു മറ്റുള്ളവരിലേക്ക് എച്ച്ഐവി പകരുന്നത് തടയൽ, ഇതിനായി ചില സർക്കാർ സംഘടനകൾ ഉൾപ്പെടെ സർക്കാരേതര സംഘടനകൾക്ക് ധനസഹായം, സാങ്കേതിക സഹായം, മാർഗനിർദേശങ്ങൾ എന്നിവ നൽകി അവയുടെ മേൽനോട്ടവും നിയന്ത്രണവും തുടങ്ങിയ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്.

**2009 ജൂലൈയിലെ കണക്കനുസരിച്ച് 10,491 എച്ച്ഐവി അണുബാധിതരാണ് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ കീഴിലുള്ള ഉഷസ് കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇപ്പോൾ എ.ആർ.ടി ചികിത്സയിലുള്ളവർ 3765 പേരാണ്.**

സ്കൂളുകളിലും കോളജുകളിലും പ്രവർത്തിക്കുന്ന റെഡ് റിബൺ ക്ലബ്ബുകൾ, വിവിധ സർക്കാർ വകുപ്പുകളുടെ സേവന മേഖലകളിൽ എച്ച്.ഐ.വി നിയന്ത്രണവും ഭാഗമാക്കൽ, പൊതുജനങ്ങൾക്കുള്ള കൗൺസലിംഗ്, ടെസ്റ്റിംഗ്, ലൈംഗികരോഗ നിയന്ത്രണത്തിനുള്ള പരിപാടികൾ, സന്നദ്ധ രക്തദാനം പ്രോത്സാഹിപ്പിക്കൽ, എച്ച്ഐവി അണുബാധിതർക്ക് എതിരെയുള്ള സാമൂഹ്യനിന്ദയും വിവേചനവും ഇല്ലാതാക്കൽ തുടങ്ങിയ പ്രവർത്തനങ്ങളും കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി നിർവഹിച്ചു വരുന്നുണ്ട്.

എച്ച്ഐവി നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി സുരക്ഷ, ജ്യോതിസ്, പ്രത്യാശ, ഉഷസ്, പുലരി എന്നീ സേവനങ്ങൾ എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി നൽകുന്നുണ്ട്.

എച്ച്ഐവി അണുബാധിതർക്കും എയ്ഡ്സ് ബാധിതർക്കും സർക്കാർ ആശുപത്രികളിൽ മതിയായ ചികിത്സ ഉറപ്പു വരുത്തുന്നതും എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ ചുമതലയാണ്.

2009 ജൂലൈയിലെ കണക്കനുസരിച്ച് 10,491 എച്ച്ഐവി അണുബാധിതരാണ് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ കീഴിലുള്ള ഉഷസ് കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിൽ 5878 പേർ പുരുഷന്മാരും 3979 പേർ സ്ത്രീകളും 634 പേർ കുട്ടികളുമാണ്. ഇപ്പോൾ എ.ആർ.ടി ചികിത്സയിലുള്ളവർ 3765 പേരാണ്. ഇതിൽ 2282 പേർ പുരുഷന്മാരും 1274 പേർ സ്ത്രീകളും 209 പേർ കുട്ടികളുമാണ്.

Printed & Published by Project Director, Kerala State AIDS Control Society (Dept. of Health and Family Welfare, Government of Kerala), Thiruvananthapuram - 35, www.ksacs.in
keralasacs@gmail.com, Ph: +91 471 2304882, 2303763, Fax: +91 471 2305183. HIV/AIDS Telecounselling No: 0484 2237020. For private circulation only.

KSACS
ആരോഗ്യ വകുപ്പ്
കേരള സർക്കാർ

# അറിയുക

കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ വാർത്താപത്രിക

Volume 4 | Issue 21 | September 2009

### ജീവിതനൈപുണ്യ വിദ്യാഭ്യാസം, സന്നദ്ധരക്തദാന പ്രചാരണം

# റെഡ് റിബൺ ക്ലബ്ബുകളുടെ പ്രവർത്തനം ശക്തമാക്കുന്നു

മൂല്യാധിഷ്ഠിത ജീവിതം പ്രോത്സാഹിപ്പിക്കുന്നതിനും ജീവിത നൈപുണ്യം വർധിപ്പിക്കുന്നതിനും സന്നദ്ധ രക്തദാനം പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാനത്തെ കോളജുകളിൽ പ്രവർത്തിക്കുന്ന റെഡ് റിബൺ ക്ലബ്ബുകളുടെ പ്രവർത്തനം ശക്തമാക്കുന്നു. ഒപ്പം കൂടുതൽ കോളജുകളിൽ റെഡ് റിബൺ ക്ലബ്ബുകൾ രൂപീകരിക്കാനും കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി തീരുമാനിച്ചിട്ടുണ്ട്.

എച്ച്ഐവി ബോധവത്കരണ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തുന്നതിന്റെ ഭാഗമായി കോളജുകളിൽ മാനവ് യാത്ര എന്ന പേരിൽ അഞ്ചു ദിവസം നീണ്ടു നിൽക്കുന്ന പ്രചാരണപരിപാടിയും എസ്എംഎസ് വഴിയുള്ള മുദ്രവാക്യ മത്സരവും നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

റെഡ് റിബൺ ക്ലബ്ബുകളുടെ പ്രവർത്തനം കൂടുതൽ വിപുലീകൃതമാക്കുവാൻ എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി തീരുമാനിച്ചിട്ടുണ്ട്. വിവിധ ജില്ലകളിലായി 186 റെഡ് റിബൺ ക്ലബ്ബുകളാണ് നിലവിലുള്ളത്. പ്രചാരണ പരിപാടിയോടുനുബന്ധിച്ച് പ്രൊഫഷണൽ കോളജുകളിൽ ഉൾപ്പെടെ 194 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കൂടി റെഡ് റിബൺ ക്ലബ്ബുകൾ ആരംഭിക്കാൻ ധാരണയായിട്ടുണ്ട്. അതോടെ സംസ്ഥാനത്ത് ആകെ 380 റെഡ് റിബൺ ക്ലബ്ബുകളുണ്ടാകും. ഓരോ കാമ്പസിലേയും എൻഎസ്എസിന്റെ സഹായത്തോടെയാണ് റെഡ് റിബൺ ക്ലബ്ബുകൾ പ്രവർത്തിക്കുന്നത്. കോളജ് പ്രിൻസിപ്പൽമാർ വഴി റെഡ് റിബൺ ക്ലബ്ബുകൾക്കു നൽകി വന്നിരുന്ന ധനസഹായം എൻഎസ്എസ് പ്രോഗ്രാം ഓഫീസർമാർ വഴി നേരിട്ടു നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.

കോളജുകളിൽ പ്രവർത്തിക്കുന്ന റെഡ് റിബൺ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന്റെ രൂപരേഖ തയാറാക്കുന്നതിനായി കേരളത്തിലെ വിവിധ സർവകാലശാലകളിലെ എൻഎസ്എസ് പ്രോഗ്രാം ഓഫീസർമാരെ പങ്കെടുപ്പിച്ചു കൊണ്ട് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ശില്പശാലകൾ നടത്തി.

കോളജുകളിൽ പ്രവർത്തിക്കുന്ന റെഡ് റിബൺ ക്ലബ്ബുകളിലൂടെ എച്ച്ഐവിയെക്കുറിച്ച് വിദ്യാർഥികൾക്കിടയിൽ ശരിയായ അവബോധം സൃഷ്ടിക്കാനും സന്നദ്ധ രക്തദാനം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പരിപാടികളാണ് നടന്നു വരുന്നത്. കാമ്പസുകൾക്കു പുറത്തുള്ള യുവാക്കൾക്കിടയിൽ ഇത്തരം പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനായി വിവിധ യുവജനസംഘടനകളുമായി ചേർന്ന് വിപുലമായ പ്രചാരണ, കർമപദ്ധതികൾ കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരികയാണ്.

## കോളജുകളിൽ മാനവ് യാത്ര

എച്ച്.ഐ.വി ബോധവത്കരണവും സന്നദ്ധരക്തദാന പ്രചാരണവും ലക്ഷ്യമിട്ടു കൊണ്ട് കോളജുകളിൽ മാനവ് യാത്ര എന്ന പേരിൽ വിപുലമായ പ്രചാരണയാത്ര നടത്തുന്നു. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന റെഡ് റിബൺ ക്ലബ്ബുകളുടെ നേതൃത്വത്തിലാണ്പരിപാടി സംഘടിപ്പിക്കുന്നത്.

മാനവ് യാത്രയുടെ ഭാഗമായി റെഡ്റിബൺ പ്രചാരണ സംഘം ഒരു കാമ്പസിൽ അഞ്ചു ദിവസം പ്രചാരണം നടത്തും. ഓരോ ദിവസവും വിദ്യാർഥികളെ ആകാംക്ഷാഭരിതരാക്കുന്ന ലഘുലേഖകൾ വിതരണം ചെയ്ത് അവസാന ദിവസം എച്ച്ഐവിയെക്കുറിച്ച് കലാപ്രകടനവും ബോധവത്കരണ ക്ലാസുകളും നടത്തുന്ന രീതിയിലാണ് പ്രചാരണം ഉദ്ദേശിക്കുന്നത്. എച്ച്ഐവി അണുബാധിതർ തങ്ങളുടെ അനുഭവങ്ങൾ വിദ്യാർഥികളുമായി പങ്കുവയ്ക്കുന്നുമുണ്ട്.

ഒരു ജില്ലയിൽ ഇരുപതു ദിവസം മാനവ് യാത്ര പര്യടനം നടത്തും. ഒക്ടോബർ അവസാനവാരത്തോടെ ആരംഭിക്കുന്ന പ്രചാരണ പരിപാടിയുടെ ആദ്യ ഘട്ടത്തിൽ യാത്ര എറണാകുളം, കോഴിക്കോട് ജില്ലകളിലെ അമ്പതു കാമ്പസുകൾ സന്ദർശിക്കും.

## മനോജ് ജോഷി ഐഎഎസ് പ്രോജക്ട് ഡയറക്ടറായി ചുമതലയേറ്റു



കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി പ്രോജക്ട് ഡയറക്ടറായി ആരോഗ്യ, കുടുംബ ക്ഷേമ വകുപ്പ് സെക്രട്ടറി മനോജ് ജോഷി ഐ.എ.എസ് ചുമതലയേറ്റു. 1989 ബാച്ചിലെ കേരള കേഡർ ഐഎഎസ് ഉദ്യോഗസ്ഥനായ മനോജ് ജോഷി കേരള സംസ്ഥാന വ്യവസായ വികസന കോർപറേഷൻ മാനേജിംഗ് ഡയറക്ടറായി സേവനമനുഷ്ഠിച്ചു വരികയായിരുന്നു.

തലശേരി സബ് കളക്ടർ, കോഴിക്കോട് ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ, വ്യവസായ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി, കേരള സംസ്ഥാന സഹകരണ കാർഷിക - ഗ്രാമവികസന ബാങ്ക്, കേരള സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് ബാങ്ക് എന്നിവയുടെ മാനേജിംഗ് ഡയറക്ടർ, കോഴിക്കോട് ജില്ലാ കളക്ടർ, കേന്ദ്ര വാണിജ്യ - വ്യവസായ വകുപ്പിൽ ഡബ്ല്യു.ടി.ഒ ചർച്ചകൾക്കുള്ള ട്രേഡ് പോളിസി ഡിവിഷൻ ഡയറക്ടർ, വാഷിംഗ്ടൺ ഡിസിയിലെ ഇന്ത്യൻ എംബസിയിൽ സാമ്പത്തികകാര്യ കൗൺസലർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. മെക്കാനിക്കൽ എൻജിനീയറിംഗ് ബിരുദധാരിയായ ഇദ്ദേഹം ചാർട്ടേർഡ് ഫിനാൻഷ്യൽ അനലിസ്റ്റ് കോഴ്സ് പൂർത്തിയാക്കിയിട്ടുണ്ട്.

## പത്രാധിപക്കുറിപ്പ്

# കാമ്പസുകളിൽ നിന്ന് എച്ച്ഐവി വിരുദ്ധ പോരാട്ടം തുടങ്ങട്ടെ

**പ**തിനഞ്ചിനും ഇരുപത്തിനാലിനുമിടയിൽ പ്രായമുള്ള ഒരു കോടി ചെറുപ്പക്കാർ ലോകത്ത് എച്ച്ഐവി അണുബാധിതരായിട്ടുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇന്ത്യയിലെ 24.7 ലക്ഷം എച്ച്ഐവി അണുബാധിതരിൽ 88.7 ശതമാനവും പതിനഞ്ചിനും 49നുമിടയിൽ പ്രായമുള്ളവരാണ്.

എച്ച്ഐവി പോലെയുള്ള അണുബാധകൾ പിടിപെടാൻ ഏറ്റവും സാധ്യത സ്വാഭാവികമായും ചെറുപ്പക്കാരിലാണ്. മുകളിൽ സൂചിപ്പിച്ച കണക്കുകൾ വ്യക്തമാക്കുന്നതും അതു തന്നെ. യുവാക്കൾക്കിടയിൽ എച്ച്ഐവി ബോധവത്കരണ പ്രവർത്തനങ്ങൾ ശക്തമായി നടപ്പിലാക്കണമെന്ന് ആവശ്യമുയരുന്നതിന്റെ കാരണവും ഇതുതന്നെ.

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എച്ച്ഐവി ബോധവത്കരണ, പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്റെ പ്രസക്തി ഇവിടെയാണ്. കോളജ് തലത്തിൽ തന്നെ എച്ച്ഐവിയേക്കുറിച്ച് വ്യക്തമായ ധാരണ സൃഷ്ടിക്കാൻ സാധിച്ചാൽ യുവാക്കളെ എച്ച്ഐവി പിടിപെടുന്നതിൽ നിന്നു രക്ഷിക്കാൻ സാധിക്കും.

കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ നേതൃത്വത്തിൽ കോളജുകളിൽ രൂപീകരിച്ചിട്ടുള്ള റെഡ് റിബൺ ക്ലബ്ബുകൾ സജീവമായ പ്രവർത്തനമാണ് നടത്തി വരുന്നത്. കോളജുകളിലെ നാഷണൽ സർവീസ് സ്കീമുമായി ബന്ധപ്പെടുത്തിയാണ് ക്ലബ്ബുകൾ പ്രവർത്തിക്കുന്നത്. ഈ രംഗത്ത് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാനുള്ള തീരുമാനത്തിന്റെ ഭാഗമായി റെഡ് റിബൺ ക്ലബ്ബുകളുടെ പ്രവർത്തനം കൂടുതൽ കാമ്പസുകളിലേക്ക് എത്തിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരികയാണ്.

കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി അടുത്ത നാളുകളിൽ ഇതുമായി ബന്ധപ്പെട്ട നാഷണൽ സർവീസ് സ്കീം പ്രോഗ്രാം ഓഫീസർമാർ തുടങ്ങിയവർക്കായി പ്രത്യേക ശിൽപശാലകൾ നടത്തിയിരുന്നു. കോളജുകളിൽ നേരിട്ട് എത്തി ബോധവത്കരണം നടത്തുന്നതിനായി മാനവ് യാത്ര എന്ന പേരിൽ പ്രചാരണയാത്രയ്ക്കു തുടക്കം കുറിക്കാനും തീരുമാനിച്ചിട്ടുണ്ട്.

റെഡ് റിബൺ ക്ലബ്ബുകൾ കേവലം എച്ച്ഐവി ബോധവത്കരണത്തിനു വേണ്ടി മാത്രമുള്ളതല്ല. സന്നദ്ധ രക്തദാന രംഗത്ത് ഇന്ന് റെഡ് റിബൺ ക്ലബ്ബുകൾ സജീവമാണ്. ഒപ്പം ജീവിതനൈപുണ്യം വർധിപ്പിക്കുന്നതിനു സഹായിക്കുന്ന പ്രവർത്തനങ്ങളും മൂല്യാധിഷ്ഠിത ജീവിതം നയിക്കുന്നതിനു സഹായിക്കുന്ന പരിശീലനവുമൊക്കെ റെഡ് റിബൺ ക്ലബ്ബുകളുടെ പ്രവർത്തന പരിധിയിൽ വരുന്നതാണ്. സമീപകാലത്ത് സന്നദ്ധ രക്തദാന രംഗത്ത് കേരളം ഏറെ പുരോഗതി കൈവരിച്ചത് റെഡ് റിബൺ ക്ലബ്ബുകളുടെ സജീവ സഹകരണം കൊണ്ടാണ്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്ന രക്തദാന ക്യാമ്പുകളിലെല്ലാം കോളജ് വിദ്യാർഥികളുടെ പങ്കാളിത്തം ശ്രദ്ധേയമായിരുന്നു.

എച്ച്ഐവി ബോധവത്കരണത്തിന്റെ പതാകാവാഹകരാകാൻ കോളജ് വിദ്യാർഥികൾക്കു സാധിക്കണമെന്നുള്ളതാണ് നമ്മുടെ ലക്ഷ്യം. ഭാവി തലമുറയുടെ രക്ഷയ്ക്കും സുരക്ഷിതത്വത്തിനുമായുള്ള മഹത്തായ ഒരു മുന്നേറ്റമാണ് റെഡ് റിബൺ ക്ലബ്ബുകളുടെ പ്രവർത്തനത്തിലൂടെ നമ്മൾ ലക്ഷ്യം വയ്ക്കുന്നത്. ഈ മുന്നേറ്റത്തിൽ അണിചേരാൻ എല്ലാ വിദ്യാർഥികളെയും സ്നേഹപൂർവം ക്ഷണിക്കുകയാണ്.

**മനോജ് ജോഷി ഐ.എ.എസ്**
പ്രോജക്ട് ഡയറക്ടർ

# എച്ച്ഐവി അണുബാധിതർക്ക് സർക്കാർ ആശുപത്രികളിൽ പരിശോധനകളും സൗജന്യമാക്കി

**ഉഷസ് കേന്ദ്രങ്ങളിൽ പേര് രജിസ്റ്റർ ചെയ്ത അണുബാധിതർക്ക് മാത്രമേ സർക്കാരിന്റെ ചികിത്സകളും പരിശോധനകളും സൗജന്യമായി ലഭിക്കുകയുള്ളൂ**

**സം**സ്ഥാനത്തെ എ.ആർ.ടി കേന്ദ്രങ്ങളായ ഉഷസിൽ രജിസ്റ്റർ ചെയ്ത എച്ച്ഐവി അണുബാധിതർക്ക് ചികിത്സാസംബന്ധമായ എല്ലാവിധ പരിശോധനകളും സർക്കാർ ആശുപത്രികളിൽ സൗജന്യമായി നൽകാൻ സർക്കാർ ഉത്തരവിട്ടു. ഉഷസ് കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എച്ച്ഐവി അണുബാധിതർക്ക് നിലവിൽ നൽകുന്ന സൗജന്യ ചികിത്സയ്ക്കു പുറമെയാണിത്.

എച്ച്ഐവി അണുബാധിതരിൽ ബഹുഭൂരിപക്ഷവും സ്വന്തമായി ജോലിയോ വരുമാനമോ ഇല്ലാത്തവരാണ്. ഇവരുടെ ചികിത്സയുടെ ഭാഗമായി പല പരിശോധനകളും നടത്തേണ്ടതുണ്ട്. കൃത്യമായ ചികിത്സ നടത്തുന്നതിന് ആവശ്യമായിട്ടുള്ള ഈ പരിശോധനകൾ നടത്താൻ സാമ്പത്തികബുദ്ധിമുട്ട് പലപ്പോഴും തടസമാകാറുണ്ട്.

ഈ സാഹചര്യത്തിൽ എച്ച്ഐവി അണുബാധിതർക്കുള്ള പരിശോധനകൾ സൗജന്യമാക്കണമെന്ന് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി സർക്കാരിനോട് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് പുതിയ ഉത്തരവ്.

സംസ്ഥാനത്ത് 55167 എച്ച്ഐവി അണുബാധിതർ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇതിൽ 10491 പേർ മാത്രമാണ് ഉഷസ് കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഉഷസ് കേന്ദ്രങ്ങളിൽ പേര് രജിസ്റ്റർ ചെയ്ത അണുബാധിതർക്ക് മാത്രമേ സർക്കാരിന്റെ ചികിത്സകളും പരിശോധനകളും സൗജന്യമായി ലഭിക്കുകയുള്ളൂ.

നിലവിൽ ഇവർക്ക് റെയിൽവേ യാത്രാസൗജന്യം അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽകോളജ് ആശുപത്രി ഉൾപ്പെടെയുള്ള സംസ്ഥാനത്തെ ചില ആശുപത്രികളിൽ ചികിത്സയ്ക്കെത്തുന്നവർക്ക് ഭക്ഷണവും സൗജന്യമായി നൽകുന്നുണ്ട്.

നിലവിൽ അഞ്ചു സർക്കാർ മെഡിക്കൽ കോളജ് ആശുപത്രികൾ, പാലക്കാട് ജില്ലാ ആശുപത്രി, എറണാകുളം ജനറൽ ആശുപത്രി എന്നിവിടങ്ങളിലാണ് ഉഷസ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. ഉഷസ് കേന്ദ്രങ്ങളിലൂടെയുള്ള എ.ആർ.ടി ചികിത്സയ്ക്ക് കേന്ദ്രസർക്കാരിൽ നിന്നുള്ള സൗജന്യമരുന്നുകൾ നേരത്തെ തന്നെ ലഭ്യമാണ്.

എച്ച്ഐവി അണുബാധിതർക്ക് നൽകുന്ന വിവിധ സേവനങ്ങൾ ലഭ്യമാകാൻ ഉഷസ് കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്യണമെന്ന് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി അറിയിച്ചു.

# ഫോൺ – ഇൻ പരിപാടിക്ക് വമ്പിച്ച സ്വീകാര്യത

**കേ**രള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി ആകാശവാണിയുമായി സഹകരിച്ച് ആരംഭിച്ച ഫോൺ ഇൻ പരിപാടിക്ക് പൊതുജനങ്ങളിൽ നിന്ന് വമ്പിച്ച സ്വീകാര്യത. എച്ച്ഐവിയെക്കുറിച്ചും സന്നദ്ധ രക്തദാനത്തെക്കുറിച്ചും പൊതുജനങ്ങൾക്കുള്ള സംശയങ്ങളാണ് പരിപാടിയിൽ കൂടി പ്രധാനമായും ദൂരീകരിക്കുന്നത്.

ഓഗസ്റ്റ് 29ന് നടന്ന പരിപാടിയിൽ സന്നദ്ധ രക്തദാനം എന്ന വിഷയമായിരുന്നു. ഈ രംഗത്തെ പ്രമുഖരായ ബേബി പ്രഭാകരനും ജെയ്സി മത്തായിയും പ്രേക്ഷകരുടെ ചോദ്യങ്ങൾക്ക് മറുപടി പറഞ്ഞു. സെപ്റ്റംബർ 26ന് നടന്ന പരിപാടി റെഡ് റിബൺ ക്ലബ്ബുകളെക്കുറിച്ചായിരുന്നു. ഡോ. എം.എസ് സുനിലും, വി. ആർ സുരേഷ്കുമാറും പങ്കെടുത്തു. എല്ലാ മാസവും നാലാമത്തെ ശനിയാഴ്ച വൈകുന്നേരം നാലിനാണ് പരിപാടി. ഓരോ മാസവും വ്യത്യസ്ത വിഷയങ്ങളിലായിരിക്കും ചർച്ച.

ആകാശവാണിയുടെ ഏഴു നിലയങ്ങളും പരിപാടി തത്സമയം പ്രക്ഷേപണം ചെയ്യുന്നുണ്ട്. 0471 – 1707066, 1707065 എന്ന നമ്പരുകളിലാണ് സംശയങ്ങൾ ചോദിക്കേണ്ടത്.





# എച്ച്ഐവി നിയന്ത്രണം: പോലീസ് ഉദ്യോഗസ്ഥർക്ക് അവബോധം ആവശ്യം – കമ്മീഷണർ

**എ**ച്ച്ഐവി നിയന്ത്രണ പ്രവർത്തനങ്ങളേക്കുറിച്ച് ഏറ്റവും കൂടുതൽ അവബോധം ആവശ്യമായ വിഭാഗമാണ് പോലീസ് സേനയെന്ന് എറണാകുളം സിറ്റി പോലീസ് കമ്മീഷണർ മനോജ് ഏബ്രഹാം അഭിപ്രായപ്പെട്ടു.

എച്ച്ഐവി നിയന്ത്രണ, പ്രതിരോധ പ്രവർത്തനങ്ങളിൽ കേരള പോലീസും പങ്കാളിയാകുന്നതിന്റെ ഭാഗമായി എറണാകുളം ജില്ലയിലെ പോലീസ് ഓഫീസർമാർക്കായി കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ നടത്തിയ ശിൽപശാല ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

എച്ച്ഐവി അണുബാധിതർ ഉൾപ്പെടുന്ന കേസുകളിൽ ഭയമില്ലാതെ അന്വേഷണവുമായി മുന്നോട്ടു പോകാൻ ഇത്തരം ശിൽപശാലകൾ സഹായിക്കും. സന്നദ്ധ രക്തദാന മേഖലയിൽ പോലീസിന് ഊർജസ്വലതയോടെ പ്രവർത്തിക്കാൻ സാധിക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

പോലീസ് സേനയിലെ എച്ച്ഐവി നിയന്ത്രണ പ്രവർത്തനങ്ങളുടെ ജില്ലയിലെ നോഡൽ ഓഫീസറായ അസിസ്റ്റന്റ് പോലീസ് കമ്മീഷണർ അമോസ് മാമൻ അധ്യക്ഷത വഹിച്ചു. സുരക്ഷ പ്രോജക്ട് മാനേജർ ഷിബു അഗസ്റ്റിൻ സ്വാഗതം ആശംസിച്ചു. ആർസിഎച്ച് ഓഫീസർ ഡോ. പാർവതി, കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി മെയിൻസ്ട്രീമിംഗ് കൺസൾട്ടന്റ് ജി. സുനിൽകുമാർ, സി.പി.കെ പ്ലസ് ഭാരവാഹി ജോസഫ് എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസുകളെടുത്തു.

കണ്ണൂർ ജില്ലയിലെ പോലീസ് ഓഫീസർമാർക്കായും ശിൽപശാല നടത്തി. കണ്ണൂർ പോലീസ് ഓഡിറ്റോറിയത്തിലാണ് പരിപാടി നടന്നത്. ഡെപ്യൂട്ടി ഡി.എം.ഒ: ഡോ. രാജാറാമിന്റെ അധ്യക്ഷതയിൽ ചേർന്ന ചടങ്ങിൽ ജില്ലാ പോലീസ് സൂപ്രണ്ട് അനൂപ് കുരുവിള ജോൺ ശിൽപശാല ഉദ്ഘാടനം ചെയ്തു. ഡിവൈ.എസ്.പി: എം.വി. രാജേന്ദ്രൻ, വിവിധ സുരക്ഷ പ്രോജക്ടുകളുടെ പ്രതിനിധികളായ ഫാ. ജെ.ജെ. പള്ളത്ത്, കെ.ടി. ജോൺസൺ, ഷൈജു, പി.കെ. സുമ തുടങ്ങിയവർ പ്രസംഗിച്ചു.



ഡെപ്യൂട്ടി ഡി.എം.ഒ: ഡോ. രാജാറാം, ഡോ. ജോസഫ് മൂഞ്ഞാട്ട്, കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി മെയിൻസ്ട്രീമിംഗ് കൺസൾട്ടന്റ് ജി. സുനിൽകുമാർ, ബിന്ദു ജോർജ് എന്നിവർ ക്ലാസുകളെടുത്തു.

കൊല്ലം ജില്ലയിലെ പോലീസ് ഓഫീസർമാർക്കായി നടത്തിയ ശിൽപശാലയിൽ ഡപ്യൂട്ടി ഡി.എം.ഒ: ഡോ. സൂസൻ മാത്യു അധ്യക്ഷയായിരുന്നു. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി അഡീഷണൽ പ്രോജക്ട് ഡയറക്ടർ ഡോ. ടി.വി വേലായുധൻ ശിൽപശാല ഉദ്ഘാടനം ചെയ്തു. കെ.ആർ.ഡി.എ ഡയറക്ടർ ഇബ്രാഹിംകുട്ടി, കൊല്ലം ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് സി.എഫ്. റോബർട്ട് തുടങ്ങിയവർ പ്രസംഗിച്ചു. കെ.എം.എം.എൽ പി.ആർ.ഒ അനിൽ മുഹമ്മദ്, കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി ഡോക്യുമെന്റേഷൻ ആൻഡ് പബ്ലിസിറ്റി അസിസ്റ്റന്റ് ഡയറക്ടർ ജെ. ഡോമി, എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസുകളെടുത്തു.

കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ ആഭിമുഖ്യത്തിലുള്ള സുരക്ഷ പ്രോജക്ടുകൾ ഉൾപ്പെടെയുള്ള മേഖലകളിൽ പോലീസ് വകുപ്പിന്റെ സഹകരണം ഉറപ്പാക്കുക, പോലീസിലുള്ള എച്ച്ഐവി അണുബാധിതരടക്കമുള്ളവരോട് അനുഭാവപൂർവമായ പെരുമാറ്റം ശീലിപ്പിക്കുക, അവർക്കുള്ള ചികിത്സാലഭ്യത ഉറപ്പാക്കുക, പോലീസുകാർക്കിടയിൽ സന്നദ്ധ രക്തദാന ശീലം വർധിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് ശില്പശാല നടത്തിയത്. എസ്.ഐ മുതൽ ഡിവൈ.എസ്.പി വരെയുള്ള ഉദ്യോഗസ്ഥരാണ് ശിൽപശാലയിൽ പങ്കെടുത്തത്.

# രാജ്യത്തെ എച്ച്ഐവി അണുബാധിതരായ കുട്ടികളുടെ എണ്ണത്തിൽ വർധന

**ഇ**ന്ത്യയിൽ എച്ച്ഐവി പരിശോധന നടത്തുന്നതിനുള്ള കേന്ദ്രങ്ങൾ വ്യാപകമായതിന്റെ ഫലമായി എച്ച്ഐവി അണുബാധിതരായ കുട്ടികളുടെ എണ്ണത്തിൽ വൻവർധന രേഖപ്പെടുത്തി. കേന്ദ്ര ആരോഗ്യമന്ത്രി ഗുലാം നബി ആസാദ് ആണ് കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് ഇക്കാര്യം വെളിപ്പെടുത്തിയത്.

2006 നവംബറിലെ കണക്കുകളനുസരിച്ച് എച്ച്ഐവി അണുബാധിതരായ 2,253 കുട്ടികളെയാണ് രാജ്യത്ത് കണ്ടെത്തിയിരുന്നത്. ഈ വർഷം മേയ് ആയപ്പോൾ എച്ച്ഐവി അണുബാധിതരായ 52,973 കുട്ടികൾ രാജ്യത്തുള്ളതായാണ് കണ്ടെത്തിയിട്ടുള്ളത്. എച്ച്ഐവി അണുബാധാ പരിശോധന നടത്താനുള്ള കേന്ദ്രങ്ങൾ രാജ്യത്തുടനീളം വ്യാപകമായി ആരംഭിച്ചതിനെതുടർന്ന് കൂടുതൽ പേർ പരിശോധന നടത്തിയതു കൊണ്ടാണ് എണ്ണത്തിൽ കുതിച്ചു ചാട്ടമുണ്ടായത്.

യഥാർഥത്തിൽ രാജ്യത്തെ എച്ച്ഐവി സാന്ദ്രത ഈ കാലയളവിൽ കുറഞ്ഞു വരികയാണുണ്ടായിട്ടുള്ളത്. 2002 ൽ 0.45 ശതമാനമായിരുന്ന എച്ച് ഐവി അണുബാധ 2007ൽ 0.34 ശതമാനമായി കുറഞ്ഞു.

നിലവിൽ രാജ്യത്ത് 7,58,698 എച്ച്ഐവി അണുബാധിതർ സർക്കാരിന്റെ എയ്ഡ്സ് നിയന്ത്രണ സംവിധാനത്തിന്റെ കീഴിൽ ചികിത്സയിലുണ്ട്. ഗർഭിണികളിൽ നിന്നു കുട്ടികളിലേക്ക് അണുബാധ പിടിപെടുന്നതാണ് കുട്ടികളിലെ എച്ച്ഐവി അണുബാധയുടെ പ്രധാന കാരണം. കഴിഞ്ഞ വർഷം പരിശോധനയ്ക്കു വിധേയരായ 40 ലക്ഷം ഗർഭിണികളിൽ 19,986 പേർ എച്ച്ഐവി അണുബാധിതരായിരുന്നു. ഇവരിൽ 10,179 പേർ കുട്ടികളിലേക്ക് അണുബാധ പടരുന്നതു തടയാനുള്ള ചികിത്സ തേടിയിരുന്നതായും മന്ത്രി ഗുലാം നബി ആസാദ് അറിയിച്ചു.

# അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്ക് എച്ച്ഐവി ബോധവത്കരണം

**കേ**രള സംസ്ഥാന തൊഴിൽ വകുപ്പ് അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്കായി നടത്തിയ സൗജന്യ മെഡിക്കൽ ക്യാമ്പിലെ കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ സ്റ്റാൾ ശ്രദ്ധേയമായി.

ക്യാമ്പിൽ പങ്കെടുത്ത നാന്നൂറോളം തൊഴിലാളികൾക്കു വേണ്ടി ബോധവത്കരണ ക്ലാസുകളും എച്ച്ഐവി പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ചുള്ള പ്രദർശനവും ഉണ്ടായിരുന്നു. ലൈംഗികരോഗങ്ങളെക്കുറിച്ചുള്ള തൊഴിലാളികളുടെ സംശയങ്ങൾ ദുരീകരിക്കുന്നതിനും ക്യാമ്പിൽ പ്രത്യേകം സജ്ജീകരണം ഏർപ്പെടുത്തിയിരുന്നു. അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികൾക്ക് അവരുടെ മാതൃഭാഷയിൽ തന്നെയാണ് എച്ച്ഐവി ബോധവത്കരണം നടത്തിയത്. ഇതിനായി കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയിൽ നിന്നും പ്രത്യേക പ്രതിനിധി ക്യാമ്പിലെത്തിയിരുന്നു. ബോധവത്കരണ പരിപാടി തിരുവനന്തപുരം പ്രത്യാശ കേന്ദ്രവുമായി സഹകരിച്ചാണ് നടന്നത്.

ജില്ലാ ലേബർ ഓഫീസർ ജി. അലക്സാണ്ടർ, അസിസ്റ്റന്റ് ലേബർ ഓഫീസർമാരായ കെ.ജി. വത്സലകുമാർ, ഷെജീന എം, പ്രമോദ്, വിനോദ്കുമാർ എന്നിവർ നേതൃത്വം നൽകി.